# മുത്തശ്ശിയുടെ സഹായത്തോടെ മാസ്ക് തുന്നാൻ പഠിക്കുന്നു ജയ്

IndSciCovid
by Indian Scientists Response to Covid
https://indscicov.in/

ചിത്രീകരണം: ലബോണി റോയ്



ജയ് വാതില്പടിക്കൽ ഇരിക്കുകയായിരുന്നു. അടച്ചിടൽ തുടങ്ങിയശേഷം പടികടന്നു പുറത്തേയ്ക്ക്  ഇറങ്ങാൻ അനുവാദമില്ലായിരുന്നു. പ്രായംചെന്ന മുത്തശ്ശിയെ കോവിഡിൽ നിന്നും സംരക്ഷിക്കുന്നതിനായി വീട്ടിലുള്ളവരാരും പുറത്തു പോകരുതെന്ന്  ഡോക്ടറായ സുനിത അമ്മായി ഉത്തരവിട്ടിരുന്നു!  വീട്ടിലേക്കു വേണ്ടുന്ന സാധനങ്ങൾ വാങ്ങിക്കാനായി ജയ്യുടെ അച്ഛനു മാത്രം പുറത്തിറങ്ങാനുള്ള അനുവാദമുണ്ടായിരുന്നു. എല്ലാ പ്രാവശ്യവും സാധനങ്ങൾ വാങ്ങാൻ അച്ഛൻ തന്നെ പോകണം. കുറച്ചു ദിവസങ്ങളിലിൽ ഒരിക്കൽ പുറത്തിറങ്ങുമ്പോൾ അദ്ദേഹം മരുന്നുകടയിൽ നിന്ന് മെഡിക്കൽ മാസ്കുകൾ വാങ്ങും.

ജയ് യുടെ സഹോദരൻ ദീപുവും വീട്ടിൽ ഉണ്ടായിരുന്നു. കോളേജ് ഹോസ്റ്റൽ റൂമിൽ കൂടെ താമസിച്ചിരുന്ന  കൂട്ടുകാരന് കോവിഡ് ബാധിച്ചതിനാൽ ദീപു വീട്ടിൽ തന്റെ മുറിയിൽ ക്വാറന്റൈനിൽ ആയിരുന്നു. ദിവസം മുഴുവനും മുറിയിൽ നിന്ന് പുറത്തിറങ്ങാതെ,  എപ്പോഴും മാസ്ക് ധരിച്ചിരിക്കണമായിരുന്നു. ഉറങ്ങുമ്പോൾ  മാത്രമേ മാസ്ക് അഴിക്കാവൂ. ദീപു ബാത്റൂമിൽ പോകാൻ മുറിയിൽ നിന്ന് പുറത്തു വരുമ്പോൾ അവന്റെ ഇരുണ്ട മാസ്ക് പരിചിതമായ ഒരു കാഴ്ചയായി. പുറത്തു കാണുന്ന മറ്റുള്ളവരാണെങ്കിലോ,  നിറപ്പകിട്ടാർന്ന മാസ്കുകൾ ധരിക്കുന്നുമുണ്ട്.



“അമ്മേ.. എന്താണീ നിറപ്പകിട്ടാർന്ന  മാസ്കുകൾ? നമുക്ക് ദീപുച്ചേട്ടനും മുറിക്കകത്തു ധരിക്കാൻ ഇതുപോലൊരെണ്ണം വാങ്ങിച്ചുകൊടുത്താലോ?” ജയ് അമ്മയുടെ വശത്തേക്ക് വിളിച്ചു കൂവി. "വീട്ടിലുണ്ടാക്കിയ തുണികൊണ്ടുള്ള മാസ്ക്  ആയിരിക്കും " എന്ന് പറഞ്ഞുകൊണ്ട് അവന്റെ അമ്മ ജ്യോതി അടുക്കലേക്കു വന്നു.” ഇങ്ങനെ ദീപുച്ചേട്ടനെ പറ്റി വിളിച്ചുകൂവാതിരിക്കൂ. ആൾകാർ അവന് കോവിഡ് ഉണ്ടെന്നു വിചാരിക്കും.അവൻ ക്വാറന്റൈനിലാണ് എന്നേയുള്ളു. സുനിതമ്മായി പറഞ്ഞപോലെ അധിക സുരക്ഷക്കായി മാസ്ക് ധരിക്കുന്നു എന്ന് മാത്രം.”

അമ്മയുടെ വഴക്കു കേട്ട ജയ് അല്പം ശുണ്ഠിയോടെ അകത്തേക്ക് വന്നു. തുണികൊണ്ടുണ്ടാക്കിയ മാസ്കുകളെ പറ്റി ഇന്റർനെറ്റിൽ നോക്കാൻ തീരുമാനിച്ചു. കുറച്ചു കഴിഞ്ഞ് ചോദ്യങ്ങളുടെ ഒരു നിരയുമായി മുത്തശ്ശിയുടെ അടുക്കൽ ചെന്നു. "മുത്തശ്ശി, നിങ്ങൾക്ക് മാസ്കുണ്ടാകാൻ അറിയാമോ? നമ്മുടെ പക്കൽ തയ്യൽ മെഷീൻ ഉണ്ടോ?"

"എന്റെ കാഴ്ച മങ്ങിയിട്ടു കൊല്ലങ്ങളായി കൊച്ചേ, തുന്നാനും പിടിക്കാനും ഒന്നും ഇപ്പൊ പറ്റുന്നില്ല." മുത്തശ്ശി മറുപടി പറഞ്ഞു. ജയ് അടുത്ത ചോദ്യ ശരം തൊടുത്തുവിട്ടു. "നമുക്ക് വീട്ടിൽ മാസ്ക് തുന്നാമോ? എന്നെ തുന്നാൻ പഠിപ്പിച്ചു തരാമോ?" പക്ഷെ മുത്തശ്ശിയുടെ ശ്രദ്ധ മറ്റെവിടെയോ ആയിരുന്നു. അവരും ആഴ്ചകളായി പുറത്തിറങ്ങിയിട്ട്. അയല്പക്കങ്ങളിലുള്ള  സ്ത്രീകളുമായി പരദൂഷണം പറഞ്ഞ് സമയം ചിലവഴിച്ചിട്ട് നാളുകളേറെ ആയി!  മുത്തശ്ശിക്ക് ഫോണിൽ സംസാരിക്കാൻ വലിയ താല്പര്യമില്ലായിരുന്നു. ആ, ഇനി ഇത്ര വയസ്സായിട്ട് തുടങ്ങാനും വയ്യ. തന്റെ സുഹൃത്തുക്കൾ എല്ലാവരും സുഖം തന്നെയാവുമോ എന്നോർക്കുകയായിരുന്നു അവർ.



ജയ് വീണ്ടും  ചെന്നു അമ്മയുടെ അടുക്കൽ, തുണി കൊണ്ടുണ്ടാക്കിയ മാസ്കുകളുടെ നന്മകളെ പറ്റി പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചു. "അച്ഛന്  വൈറസ്സുണ്ടെങ്കിൽ തന്നെ,  പുറത്തുപോകുമ്പോൾ അത് മറ്റുള്ളവരിലേക്ക് പകരാതെ തടുക്കാൻ തുണി കൊണ്ടുള്ള മാസ്ക് മതിയാകും എന്ന് ഞാൻ വായിച്ചു. വേണമെങ്കിൽ അമ്മായിയോട് ചോദിച്ചു നോക്കു."

ജ്യോതിയുടെ സഹോദരി, സർക്കാരാശുപത്രിയിൽ ഡോക്ടറായിരുന്നു. അവർ ഈയടുത്തകാലത്തു വളരെ തിരക്കിലാണ്. എങ്കിലും രണ്ടുമൂന്നു ദിവസങ്ങളിലൊരിക്കൽ അവരുടെ അമ്മയെ - ജയ് യുടെ മുത്തശ്ശിയെ- പറ്റി അന്വേഷിക്കാന് ഫോൺ വിളിക്കുമായിരുന്നു. കഴിഞ്ഞ പ്രാവശ്യം വിളിച്ചപ്പോൾ സുനിത ആശുപത്രിയിൽ സർജിക്കൽ മാസ്കുകളുടെ ക്ഷാമത്തെ പറ്റി പറഞ്ഞിരുന്നു. ഈക്കാര്യം ജ്യോതിയെ അലട്ടിക്കൊണ്ടിരുന്നു. "നമ്മളെല്ലാം തുണികൊണ്ടു തുന്നിയ മാസ്ക് ഉപയോഗിച്ചാൽ സുനിതയ്ക്കും കൂടെ ജോലിചെയ്യുന്ന മറ്റ് ആരോഗ്യ പ്രവർത്തകർക്കും അത്യാവശ്യമായി വേണ്ടുന്ന സർജിക്കൽ മാസ്കുകളുടെ ക്ഷാമം കുറയ്ക്കാം. " ജ്യോതിക്ക് തോന്നി.



അന്ന് വൈകീട്ട് ജ്യോതി മുത്തശ്ശിയുടെ തുന്നൽ സാധനങ്ങൾ സൂക്ഷിക്കുന്ന പെട്ടി പുറത്തെടുത്തു. അത് കണ്ട മുത്തശ്ശിയും കൂടെ കൂടാൻ തീരുമാനിച്ചു. "ഇതെന്തിനാ ഉപയോഗിക്കുന്നത്? ഈ ഹൂക് എന്തിനുള്ളതാ? സൂചിയിൽ എങ്ങിനെയാണ് നൂൽ കോർക്കുന്നതു?" ജയ് തുടങ്ങി. മുത്തശ്ശിയെ പോലെ തുന്നാനുള്ള ക്ഷമയൊന്നും ജ്യോതിക്കില്ലായിരുന്നു. അതുകൊണ്ടു തന്നെ ജയ് യെയും അവന്റെ ചോദ്യങ്ങളേയും മുത്തശ്ശിയെ ആശ്വാസത്തോടെ ഏല്പിച്ചു. മുത്തശ്ശി ആദ്യം തന്നെ ജയ് ക്ക് ചില ലളിതമായ തുന്നലുകൾ പഠിപ്പിച്ചു. പിന്നീട് ജയ് ഇന്റർനെറ്റിൽ നിന്ന് മൂന്ന് പാളികളുള്ള ഒരു മാസ്കുണ്ടാക്കുന്ന വിധം തിരഞ്ഞു കണ്ടുപിടിച്ചു. മുത്തശ്ശിയോടൊത്തു അത് വായിച്ചു മനസ്സിലാക്കി. ജ്യോതി അവർക്കു മുറിച്ചുപയോഗിക്കാൻ പറ്റുന്ന കുറെ പഴയ തലയണയുറകൾ എടുത്തു കൊടുത്തു. അടുത്ത ദിവസം ജയ് ഇവയുപയോഗിച്ചു മാസ്ക് ഉണ്ടാക്കുന്നതിൽ വ്യാപൃതനായി.

അന്ന് രാത്രി വീട്ടിൽ തുണികൊണ്ടുണ്ടാക്കിയ മാസ്കുകൾ ഉപയോഗിക്കുന്നതിനെ പറ്റി ഒരു നീണ്ട ചർച്ച തന്നെ നടന്നു. ജയ് യും അമ്മയും അതിന്റെ മേന്മകൾ വിശദീകരിച്ചു. പക്ഷെ അച്ഛനൊരു വിശ്വാസക്കുറവ്. ജയ് ഏതായാലും താൻ തുന്നിയ മാസ്ക് ഡിറ്റർജന്റുപയോഗിച്ചു കഴുകി ഉണക്കാനിട്ടു.



കുറച്ചു ദിവസങ്ങൾക്കു ശേഷം അച്ഛൻ പുറത്തിറങ്ങാൻ ഒരുങ്ങുമ്പോൾ ജയ് തുന്നിയ മാസ്ക് എടുത്തു ധരിക്കുന്നത് കണ്ടു. "അച്ഛാ, നിറപ്പകിട്ടുള്ള ഈ മാസ്ക് ധരിച്ചപ്പോൾ നിങ്ങൾ എത്ര സന്തോഷവാനായി കാണപ്പെടുന്നു  എന്നോ! കണ്ണാടി നോക്കിയിട്ടാണോ മനസ്സുമാറി ഇതെടുത്തു ധരിച്ചത്?" ജയ് ചോദിച്ചു.

"സന്തോഷവാനായി തോന്നുന്നുണ്ടെങ്കിൽ   നല്ലതുതന്നെ!  ഞാനും തുണികൊണ്ടുള്ള മാസ്കുകളെ പറ്റി ചില സർക്കാർ വക വെബ്സൈറ്റുകൾ കണ്ടു. അമ്മയും ഞാനും സുനിതമ്മായിയോട് സംസാരിക്കുകയും ചെയ്തു. ഞാൻ പുറത്തു പോകുമ്പോൾ തുണികൊണ്ടുള്ള മാസ്ക് ധരിക്കുന്നതിൽ യാതൊരു പ്രശ്നവുമില്ലെന്ന് അവർ പറഞ്ഞു. പക്ഷെ ദീപുവിനു വൈറസ് ബാധയുണ്ടാകാനുള്ള സാധ്യത അല്പം കൂടുതലായതിനാൽ അവൻ മെഡിക്കൽ മാസ്ക് തന്നെ ഉപയോഗിക്കുന്നതാവും നല്ലതെന്നു പറഞ്ഞു. ഇന്ന് രാവിലെ സുനിതമ്മായി അവരുടെ കൂടെ ജോലി ചെയ്യുന്നവർ നിന്നോട് നന്ദി പറയുന്നു എന്നെഴുതി അമ്മയ്ക്ക് ഒരു ടെക്സ്റ്റ് അയച്ചിരുന്നു! നമ്മൾ മെഡിക്കൽ മാസ്കുകളുടെ ഉപയോഗം എത്രത്തോളം കുറയ്ക്കുന്നുവോ അത്രയും മാസ്കുകൾ ആരോഗ്യ പ്രവർത്തകർക്ക് ലഭ്യമാകുമല്ലോ. നീ മുത്തശ്ശിയുടെ സഹായത്തോടെ നമു കൂക്ക്ടാതെ നമ്മുടെ കൂട്ടുകാർക്കും ഇനിയും തുണി മാസ്കുകൾ ഉണ്ടാക്കുമോ?"







ദിവസങ്ങൾ ചെല്ലുന്തോറും, ജയ് പുറത്തുപോകുന്നതിനെ പറ്റി സ്വപ്നം കണ്ടിരിക്കുന്ന സമയം കുറച്ചു, മാസ്ക് തുന്നുന്നതിൽ ഏർപ്പെട്ടു. - മുത്തശ്ശിക്ക് മങ്ങിയ കാഴ്ച കാരണം പലപ്പോഴും ജയ്ക്ക് മാസ്കിനുള്ള തുണി കത്രിച്ചുകൊടുക്കാൻ മാത്രമേ കഴിഞ്ഞുള്ളൂ. എങ്കിലും ഒരു പഴയ കഴിവ് വീണ്ടെടുക്കാൻ കഴിഞ്ഞതിൽ സന്തോഷമായിരുന്നു. ഒരു പുതിയ തരം മാസ്കുണ്ടാക്കാനുള്ള വഴി കണ്ടാൽ ജയ് ഉടനെ തന്നെ അത് മുത്തശ്ശിയോട് പറയുമായിരുന്നു. പിന്നെ അതിനെപ്പറ്റി മണികൂറുകൾ ചർച്ചയായി!

"എനിക്ക് സാധാരണ ബ്ലൗസുകൾ മാത്രമേ തുന്നാൻ അറിയാവൂ. ഇതെല്ലം കഴിഞ്ഞശേഷം ഞാൻ നിന്നെ എന്റെ കൂട്ടുകാരി കല്പനയുടെ മകനുമായി പരിചയപ്പെടുത്താം. അവൻ ഒരു തുന്നൽക്കാരനാണ് . അവൻ നിനക്ക് വേണ്ടതെല്ലാം തുന്നാൻ പഠിപ്പിക്കും, ചിലപ്പോൾ നിന്നെ അവന്റെ തയ്യൽ മെഷീനും ഉപയോഗിക്കാൻ അനുവദിച്ചേക്കും. " മുത്തശ്ശി പറഞ്ഞു. "എനിക്ക് ധൃതിയായിട്ടു വയ്യ" അടുത്ത മാസ്ക് തുന്നാൻ സൂചിയിൽ നൂൽ കോർത്തുകൊണ്ടു ജയ് പറഞ്ഞു.

**ദൈനംദിന സാഹചര്യങ്ങളെ അടിസ്ഥാനമാക്കി വിവരങ്ങളെ സന്ദർഭോചിതമായും ലളിതമായും ചിത്രീകരിച്ചിരിക്കുന്നു. ശാസ്ത്രീയ കൃത്യത ഉറപ്പു വരുത്താൻ വെബ്സൈറ്റിലെ അനുബന്ധ രേഖകൾ നോക്കുക.**

